# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 871 06/06/2018-ൽ മറുപടിയ്ക്ക്

## ആദിവാസി ക്ഷേമപദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ : | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| ഈ സർക്കാർ അധികാരമേറ്റശേഷം ആദിവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ വിശദമാക്കാമോ; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>1. <u>സാമൂഹിക പഠനമുറി - (2017-18) 6.21 കോടി രൂപ</u><br>പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക എന്ന താണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/ പെണ്ണോ) തെരഞ്ഞെടുത്ത് മാസം തോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിച്ചുവരുന്നു. ഇതിനായി 100 സാമൂഹ്യ പഠനമുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. 78 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. .<br><br>2. <u>ഗോത്രബന്ധു- (2017-18 - 4.00 കോടി രൂപ), (2018-19 4.40 കോടി രൂപ)</u><br>സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട |

അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യം വച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി. / ബി.എഡ് / ഡി.എഡ് പാസ്സായ അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു പദ്ധതി"

**3. <u>അംബേദ്ക്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം</u>**

**എ) <u>അടിസ്ഥാനസൗകര്യങ്ങൾ</u>**

ഈ സർക്കാരിന്റെ കാലത്ത് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നാക്ക അവസ്ഥയിലുള്ള കോളനികളുടെ വിവരങ്ങൾ ജില്ലാ തലത്തിൽ നിന്നും ശേഖരിച്ചതിനെ തുടർന്ന് അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത ഏജൻസികൾ മുഖേന ഡി.പി.ആർ തയ്യാറാക്കി വരുന്നു. ഇപ്രകാരം തയ്യാറാക്കിയ 76 കോളനികളിലെ ഡി.പി.ആർ ലഭിച്ചു. ഇതിൽ 34 കോളനികൾക്കുള്ള മൊബിലൈസേഷൻ തുക അനുവദിച്ചു നൽകിയിട്ടുണ്ട്

**ബി) <u>എം.ജി.എൻ.ആർ.ഇ.ജി.എസ്- തൊഴിലിനുള്ള വേതനം</u>**

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. തദ്ദേശസ്വയം ഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുക.

**സി) <u>പി.കെ.കാളൻ കുടുംബസഹായ പദ്ധതി</u>**

**<u>(2017-18-5.06 കോടി)</u>**

പി.കെ.കാളൻ കുടുംബസഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരശേഖരണം നടത്തി കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിയോഗിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാട സമുദായങ്ങൾക്കായി രൂപീകരിച്ച 5.06 കോടി രൂപയുടെ മൈക്രോപ്ലാനുകൾക്ക് അംഗീകാരം നല്കിയിട്ടുണ്ട്. അത് പ്രകാരം ടി തുക കുടുംബശ്രീ സംസ്ഥാന മിഷന് അനുവദിച്ചു നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

4. **<u>ഗോത്രവാത്സല്യനിധി</u>**

പട്ടികവർഗ്ഗവിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തു ന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എൽ.ഐ.സി.യുമായി സഹകരിച്ച് ഗോത്ര വാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 2017 ഏപ്രിൽ മുതൽ ജനിച്ച 800 പെൺകുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

5. പാലക്കാട് ജില്ലയിലെ പട്ടികവർഗ വിഭാഗത്തിലെ തൊഴിലില്ലാത്ത സ്ത്രീകളെ കണ്ടെത്തി വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി സ്വയം തൊഴിൽ നൽകുന്ന അപ്പാരൽ പാർക്ക് എന്ന സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

6. പട്ടികവർഗ യുവതീ യുവാക്കൾക്ക് ഐറ്റി മേഖലയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ പുരോഗമിക്കുന്നു.

7. വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം - പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 8. ആരോഗ്യ വിദ്യാഭ്യാസ പരിപാടി - തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗസങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.<br>9. പോഷാകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.<br>10. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചു വരുന്നു.<br>11. KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്സ്/ ഹോസ്റ്റലുകളുടെ നിർമ്മാണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br>12. ആധുനിക വൈദ്യ സൗകര്യം എല്ലാ പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഡോക്ടറുടെ സേവനം ഉൾപ്പെടെ സംസ്ഥാന മൊട്ടാകെ പുതുതായി 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.<br>13. <u>ഗോത്രജീവിക</u><br>ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേട് ഒഴിവാക്കുന്നതിനും ചൂഷണം തടയുന്നതിനും പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം, നൽകി പുതിയ തൊഴിൽ മേഖലകൾ ക്കണ്ടത്തി തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനുമായി "ഗോത്രജീവിക" പദ്ധതി നടപ്പിലാക്കി വരുന്നു.<br>14. <u>സമഗ്ര</u><br>പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും |

മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും സാക്ഷരതാ മിഷൻ 'സമഗ്ര' എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

15. <u>ഗോത്ര രശ്മി</u>

ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്ര വിഭാഗങ്ങൾക്ക് ജിവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതിയിലൂടെ സമൂഹത്തിൽ അഭിമാനത്തോടും ആത്മവിശ്വാസത്തോടും ഭയരഹിതമായും ആരോഗ്യമുള്ളവരായും ജീവിക്കുന്നതിന് പ്രാപ്തിയു ണ്ടാക്കുക എന്ന ലക്ഷ്യം വച്ച് അവരുടെ ആചാരനുഷ്ഠാനങ്ങൾ, ഉൽസവങ്ങൾ, സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഇവയുടെ മതനിരപേക്ഷമായ ദർശനം ബോദ്ധ്യപ്പെടുത്തി ചൂഷണരഹിതമായ ഊരുകൾ സൃഷ്ടിക്കുന്നതിനായി 50 പട്ടികവർഗ്ഗ യുവതീയുവാക്കളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി ആദിവാസികളെ നേതൃരംഗത്തേക്ക് കടന്നുവരുന്നതിന് നേതൃത്വപരമായ പാടവം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്. ഇപ്രകാരം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലും തീരുമാനമെടുക്കൽ പ്രക്രിയകളിലേക്കും വിവിധ ആദിവാസി ഗോത്രവിഭാഗങ്ങളിലെ യുവതീയുവാക്കളെ പങ്കാളികളാക്കാൻ സാധിക്കും.

ടി പദ്ധതിക്കായുള്ള ആകെ പദ്ധതി തുകയായ 40.71 ലക്ഷം രൂപയിൽ ഒന്നാം ഘട്ടമായി 16.28 ലക്ഷം രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തു. രണ്ടാം ഘട്ടമായി 12.21 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ